വാങ്ങുന്നതിനുമായി 200 ലക്ഷം രൂപ അനുവദിച്ചു. 2013-14 വർഷത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല, കായംകുളം, ചാലക്കുടി, ആലത്തൂർ, താമരശ്ശേരി, ജില്ലാ ആശുപത്രി, കാസർഗോഡ്, കൊല്ലം, താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ എന്നിവിടങ്ങളിലെ ട്രോമാ കെയർ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 300 ലക്ഷം രൂപ അനുവദിച്ചു.

2014-15 വർഷത്തിൽ ജനറൽ ആശുപത്രി, ആലപ്പുഴ, എറണാകുളം, നെയ്യാറ്റിൻകര, ജില്ലാ ആശുപത്രി, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് 142 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 337.28902 ലക്ഷം രൂപയും അനുവദിച്ചു. ഇതുമായി ബന്ധപ്പെട്ട പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

108 ആംബുലൻസ് സംവിധാനം

100 (2378) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഉണ്ടായിരുന്ന പ്രസ്തുത സംവിധാനത്തെ നിലവിലെ സ്ഥിതിയുമായി താരതമ്യം ചെയ്ത് വിശദമാക്കാമോ;

(സി) 2012-13 ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിനായി 40 കോടി രൂപ വകയിരുത്തിയിട്ടും പ്രസ്തുത സംവിധാനത്തെ ശരിയായ രീതിയിൽ പരിപാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21-4-2012-ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2012-13 ബഡ്ജറ്റിൽ 108 ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും ടി സേവനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

108 ആംബുലൻസുകൾ

101 (2379) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര 108 ആംബുലൻസുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം നിലവിൽ ഓടുന്നുണ്ട്; ആലപ്പുഴ ജില്ലയിൽ ഏതൊക്കെ ആശുപത്രികൾക്കാണ് ആംബുലൻസ് അനുവദിച്ചിട്ടുള്ളത്;

(ബി) 108 ആംബുലൻസുകളിൽ ജോലി നോക്കുന്ന ഡ്രൈവർമാർക്കും നഴ്സിങ് അസിസ്റ്റന്റിനും വേതനം കൃത്യമായി നൽകുന്നുണ്ടോ; ഇവർക്കുള്ള വേതനം എന്നുവരെയാണ് നൽകിയിട്ടുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചേർത്തലയിൽ നിന്നും 108 ആംബുലൻസുകൾ കോട്ടയം മെഡിക്കൽ കോളേജിലേക്കും എറണാകുളം ജനറൽ ആശുപത്രിയിലേക്കും പോകുന്നതിനുള്ള പ്രത്യേക അനുമതി നൽകുമോ?

ഉത്തരം

(എ) നിലവിൽ കേരളത്തിൽ 43 (നാല്പത്തി മൂന്ന്) 108 ആംബുലൻസുകൾ ഉള്ളതിൽ 34 എണ്ണം പ്രവർത്തനക്ഷമമാണ്. ആലപ്പുഴ ജില്ലയിലെ താഴെപ്പറയുന്ന ആശുപത്രികൾക്കാണ് 108 ആംബുലൻസ് അനുവദിച്ചിട്ടുള്ളത്.

1. ഹരിപ്പാട് താലൂക്ക് ആശുപത്രി
2. നൂറനാട് ലെപ്രസി സാനിട്ടോറിയം
3. സി.എച്ച്.സി., എടത്വാ
4. സി.എച്ച്.സി., തുക്കുന്നപ്പുഴ
5. യു.എച്ച്.റ്റി.സി., അമ്പലപ്പുഴ

GPM. 2/236/2020-26

LIBRARY ARCHIVES Kerala Legislative Assembly